रजिस्ट्री सं० डि० एल० 33004/94

REGISTERED NO. DL-33004/94

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരത ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | |
|---|---|---|---|---|---|
| सं० 7 | नई दिल्ली | सोमवार | 21, जून 2010 | 31, ज्येष्ट, 1932 (शाक) | खण्ट 1 |
| No. 7 | NEW DELHI | Monday | 21, June 2010 | 31, Jyaishta, 1932 (Saka) | Vol. 1 |
| നമ്പർ 7 | ന്യൂഡൽഹി | തിങ്കൾ | 21, ജൂൺ 2010 | 31, ജ്യേഷ്ഠം, 1932 (ശക) | വാല്യം 1 |

**MINISTRY OF LAW AND JUSTICE**

**(Legislative Department)**

*New Delhi, 9th February, 2010/20th Magha, 1931 (Saka).*

The translation in Malayalam of the Pre-Conception and Pre-Natal Diagnostic Techniques (Prohibition of Sex Selection) Act, 1994 is hereby published under the authority of the President and shall be deemed to be the Authoritative Text of this Act in Malayalam under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ഗർഭധാരണത്തിനുമുൻപും പ്രസവപൂർവ്വമായും ഉള്ള രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (ലിംഗനിർധാരണ നിരോധനം) ആക്റ്റ്, 1994-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

V. K. BHASIN,

*Secretary to the Government of India.*

GCPT. 3/2510/2010/DTP.

# ഗർഭധാരണത്തിനുമുൻപും പ്രസവപൂർവ്വമായും ഉള്ള രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (ലിംഗനിർധാരണ നിരോധനം) ആക്റ്റ്, 1994
## (1994-ലെ 57-ാം നമ്പർ ആക്റ്റ്)

[1994 സെപ്റ്റംബർ, 20]

[1][ഗർഭധാരണത്തിനുമുൻപോ ശേഷമോ ഉള്ള ലിംഗനിർധാരണം നിരോധിക്കുന്നതിനും, ജനിതക വൈകല്യങ്ങളെയും പോഷണപരിണാമ വിഷയകമായ തകരാറുകളെയും ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികതകളെയും അല്ലെങ്കിൽ ജന്മനാലുള്ള ചില അംഗവൈകല്യങ്ങളേയും അല്ലെങ്കിൽ ലിംഗബന്ധിതമായ ക്രമക്കേടുകളേയും കണ്ടുപിടിക്കുന്ന ആവശ്യങ്ങൾക്കായി പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നിയന്ത്രിക്കുന്നതിനും പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന ലിംഗനിർണ്ണയത്തിനായി അവയുടെ ദുരുപയോഗം തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്]

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിയഞ്ചാം സംവൽസരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് [2][ഗർഭധാരണത്തിനുമുൻപും പ്രസവ പൂർവ്വമായും ഉള്ള രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങൾ (ലിംഗനിർധാരണ നിരോധനം)] ആക്റ്റ്, 1994 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിത അധികാരസ്ഥാനം" എന്നാൽ 17-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട സമുചിത അധികാരസ്ഥാനം എന്നർത്ഥമാകുന്നു.

(ഖ) "ബോർഡ്" എന്നാൽ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേന്ദ്ര സൂപ്പർവൈസറി ബോർഡ് എന്നർത്ഥമാകുന്നു.

[3][(ഖക) "ഗർഭാശയഭ്രൂണം" എന്നാൽ ഭ്രൂണമോ ഗർഭസ്ഥശിശുവോ ഉൾപ്പെടെയുള്ള ബാഹ്യ ഭ്രൂണസ്തരവും ബീജസങ്കലനം മുതൽ ജനനം വരെയുള്ള വളർച്ചയുടെ ഏതെങ്കിലും ഘട്ടത്തിലുള്ള ഏതൊരു ഗർഭധാരണഫലവും എന്നർത്ഥമാകുന്നു;

(ഖഖ) "ഭ്രൂണം" എന്നാൽ ബീജസങ്കലനത്തിനുശേഷം വളർന്നുകൊണ്ടിരിക്കുന്ന എട്ട് ആഴ്ച (അൻപത്തിയാറുദിവസം) വരെ വളർച്ചയുള്ള ഒരു മനുഷ്യജീവി എന്നർത്ഥമാകുന്നു;

---

[1]-ഉം, [2]-ഉം, 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14), 2-ഉം, 3-ഉം വകുപ്പുകൾ പ്രകാരം യഥാക്രമം പകരം ചേർത്തത്.

[3] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 4-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

(ഖഗ) "ഗർഭസ്ഥശിശു" എന്നാൽ ബീജസങ്കലനത്തെ അല്ലെങ്കിൽ സൃഷ്ടിയെ തുടർന്നുവരുന്ന അൻപത്തിയേഴാം ദിവസത്തിൽ അതിന്റെ വളർച്ച ആരംഭിക്കുന്നതും (അതിന്റെ വളർച്ച തടസപ്പെടുത്തപ്പെട്ട ഏതൊരു കാലയളവ് ഒഴികെയുള്ള) ജനനത്തിൽ അവസാനിക്കുന്നതുമായ കാലയളവിലുള്ള ഒരു മനുഷ്യജീവി എന്നർത്ഥമാകുന്നു;]

(ഗ) "ജനിതക ഉപദേശിക്കൽ കേന്ദ്രം" എന്നാൽ രോഗികൾക്ക് ജനിതക ഉപദേശം നൽകുന്ന ഒരു സ്ഥാപനമോ ആശുപത്രിയോ നഴ്സിംഗ്ഹോമോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലമോ, അതു എന്തുതന്നെ പേരിൽ വിളിക്കപ്പെട്ടിരുന്നാലും, എന്നർത്ഥമാകുന്നു;

(ഘ) "ജനിതക ക്ലിനിക്" എന്നാൽ പ്രസവപൂർവ്വമായ രോഗനിർണ്ണയ നടപടികൾ നടത്താൻ ഉപയോഗിക്കുന്ന ഒരു ക്ലിനിക്കോ സ്ഥാപനമോ ആശുപത്രിയോ നഴ്സിംഗ്ഹോമോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലമോ, അത് എന്തുതന്നെ പേരിൽ വിളിക്കപ്പെട്ടിരുന്നാലും, എന്നർത്ഥമാകുന്നു;

[1][വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "ജനിതക ക്ലിനിക്" എന്നതിൽ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം നടത്തുവാൻ കഴിയുന്ന അൾട്രാസൗണ്ട് യന്ത്രമോ ഇമേജിംഗ് യന്ത്രമോ സ്കാനറോ മറ്റ് ഉപകരണമോ അല്ലെങ്കിൽ ഗർഭകാലത്ത് ലിംഗനിർണ്ണയം നടത്തുന്നതിനോ ഗർഭധാരണത്തിനുമുമ്പ് ലിംഗനിർധാരണം നടത്തുന്നതിനോ ശേഷിയുള്ള കൊണ്ടുനടക്കാവുന്ന ഒരു ഉപകരണമോ ഉപയോഗിക്കുന്ന ഒരു വാഹനം ഉൾപ്പെടുന്നതാകുന്നു;]

(ങ) "ജനിതക പരീക്ഷണശാല" എന്നാൽ ഒരു പരീക്ഷണശാല എന്നർത്ഥമാകുന്നതും അതിൽ പ്രസവപൂർവ്വമായ രോഗനിർണ്ണയ പരിശോധനയ്ക്കായി ജനിതക ക്ലിനിക്കിൽനിന്നും ലഭിക്കുന്ന സാമ്പിളുകളുടെ വിശ്ലേഷണമോ പരിശോധനയോ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഒരു സ്ഥലം ഉൾപ്പെടുന്നതും ആകുന്നു;

[2][വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "ജനിതക പരീക്ഷണശാല" എന്നതിൽ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം നടത്തുവാൻ കഴിയുന്ന അൾട്രാസൗണ്ട് യന്ത്രമോ ഇമേജിംഗ് യന്ത്രമോ സ്കാനറോ മറ്റ് ഉപകരണമോ അല്ലെങ്കിൽ ഗർഭകാലത്ത് ലിംഗനിർണ്ണയം നടത്തുന്നതിനോ ഗർഭധാരണത്തിനുമുമ്പ് ലിംഗനിർധാരണം നടത്തുന്നതിനോ ശേഷിയുള്ള കൊണ്ടുനടക്കാവുന്ന ഒരു ഉപകരണമോ ഉപയോഗിക്കുന്ന ഒരു സ്ഥലം ഉൾപ്പെടുന്നതാകുന്നു;]

(ച) "സ്ത്രീരോഗ വിദഗ്ദ്ധൻ" എന്നാൽ സ്ത്രീരോഗ ശാസ്ത്രത്തിലും സൂതികാ ശാസ്ത്രത്തിലും ഒരു ബിരുദാനന്തര ബിരുദ യോഗ്യതയുള്ള ഒരാൾ എന്നർത്ഥമാകുന്നു;

[3][(ഛ) "വൈദ്യജനിതക വിജ്ഞാനി" എന്നതിൽ ജനിതക ശാസ്ത്രത്തിൽ ലിംഗനിർധാരണത്തിന്റെയും പ്രസവപൂർവ്വമായ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങളുടെയും മേഖലകളിൽ ഒരു ബിരുദമോ ഡിപ്ലോമയോ ഉള്ളതോ അല്ലെങ്കിൽ ഈ മേഖലകളിൽ ഏതിലെങ്കിലും,—

(i) 1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് (1956-ലെ 102) പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലുമൊരു വൈദ്യശാസ്ത്ര യോഗ്യതയോ; അല്ലെങ്കിൽ

(ii) ജൈവശാസ്ത്രങ്ങളിൽ ഒരു ബിരുദാനന്തര ബിരുദമോ;

നേടിയതിനുശേഷം രണ്ടുവർഷത്തിൽ കുറയാത്ത പരിചയം ഉള്ളതോ ആയ ഒരു ആളും ഉൾപ്പെടുന്നതാകുന്നു;]

(ജ) "ശിശുരോഗ വിദഗ്ദ്ധൻ" എന്നാൽ ശിശുക്കളേയും അവരുടെ രോഗങ്ങളേയും സംബന്ധിച്ച ചികിത്സാ വിഭാഗത്തിൽ ഒരു ബിരുദാനന്തരബിരുദ യോഗ്യത നേടിയിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു;

[4][(ഝ) "പ്രസവപൂർവ്വ രോഗനിർണ്ണയ നടപടികൾ" എന്നാൽ അൾട്രാസോണോഗ്രാഫി, ഫീറ്റോസ്കോപ്പി, ഗർഭധാരണത്തിന് മുൻപോ ശേഷമോ ലിംഗ നിർധാരണത്തിനായി ഏതെങ്കിലും തരത്തിലുള്ള വിശ്ലേഷണമോ പ്രസവപൂർവ്വ രോഗനിർണ്ണയ പരിശോധനകളോ നടത്തുന്നതിനുവേണ്ടി ഒരു ജനിതക പരീക്ഷണശാലയിലേക്കോ ജനിതക ക്ലിനിക്കിലേക്കോ അയയ്ക്കുന്നതിനായി ഗർഭധാരണത്തിനു മുൻപോ ശേഷമോ ഒരു പുരുഷന്റെയോ സ്ത്രീയുടെയോ അമ്നിയോട്ടിക് ഫ്ളൂയിഡിന്റെയോ കോറിയോണിക് വില്ലൈയുടെയോ ഭ്രൂണത്തിന്റെയോ രക്തത്തിന്റെയോ മറ്റേതെങ്കിലും ടിഷ്യൂവിന്റെയോ ഫ്ളൂയിഡിന്റെയോ സാമ്പിളുകൾ എടുക്കുക അല്ലെങ്കിൽ നീക്കം ചെയ്യുക എന്നിവപോലെയുള്ള സ്ത്രീരോഗ ശാസ്ത്രസംബന്ധമായതോ പ്രസവചികിത്സാപരമായതോ വൈദ്യശാസ്ത്ര സംബന്ധമായതോ ആയ എല്ലാ നടപടികളും എന്നർത്ഥമാകുന്നു.]

---

[1]-ഉം. [2]-ഉം. [3]-ഉം. [4]-ഉം 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14), 4-ാം വകുപ്പ് പ്രകാരം യഥാക്രമം പകരം ചേർത്തത്.

(ഞ) "പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ" എന്നതിൽ പ്രസവപൂർവ്വ രോഗ നിർണ്ണയ നടപടികളും പ്രസവപൂർവ്വ രോഗനിർണ്ണയ പരിശോധനകളും ഉൾപ്പെടുന്നതാകുന്നു;

[1][(ട) "പ്രസവപൂർവ്വ രോഗനിർണ്ണയ പരിശോധന" എന്നാൽ അൾട്രാസോണോഗ്രാഫിയോ അല്ലെങ്കിൽ ജനിതകമോ പോഷണപരിണാമവിഷയകമോ ആയ തകരാറുകളോ ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികത്വങ്ങളോ ജനനാലുള്ള ക്രമക്കേടുകളോ ഹീമോഗ്ലോബിനോപതിയോ ലിംഗബന്ധിത രോഗങ്ങളോ കണ്ടുപിടിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന ഗർഭിണിയായ സ്ത്രീയുടെയോ ഗർഭാശയ ഭ്രൂണത്തിന്റെയോ അമ്നിയോട്ടിക് ഫ്ളൂയിഡ്, കോറിയോണിക് വില്ലൈ, രക്തം അല്ലെങ്കിൽ ഏതെങ്കിലും ടിഷ്യു അല്ലെങ്കിൽ ഫ്ളൂയിഡ് എന്നിവയുടെ ഏതെങ്കിലും പരിശോധനയോ വിശ്ലേഷണമോ എന്നർത്ഥമാകുന്നു;]

(ഠ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) "രജിസ്റ്റർ ചെയ്യപ്പെട്ട ചികിൽസകൻ" എന്നാൽ 1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് (1956-ലെ 102) 2-ാം വകുപ്പ് (ജ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും അംഗീകൃത വൈദ്യശാസ്ത്ര യോഗ്യത നേടിയിട്ടുള്ളതും ഒരു സംസ്ഥാന മെഡിക്കൽ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ളതുമായ ഒരു ചികിൽസകൻ എന്നർത്ഥമാകുന്നു;

(ഢ) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ബോർഡ് ഉണ്ടാക്കിയ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

[2][(ണ) "ലിംഗനിർധാരണം" എന്നതിൽ ഒരു ഭ്രൂണം ഒരു പ്രത്യേക ലിംഗത്തിലുള്ള താകേണ്ടതിന്റെ സാദ്ധ്യത ഉറപ്പാക്കുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യങ്ങൾക്കായി ഏതെങ്കിലും നടപടിയോ സാങ്കേതിക മാർഗ്ഗങ്ങളോ പരിശോധനയോ, മരുന്നു സേവിപ്പിക്കലോ മരുന്നു നിശ്ചയിക്കലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വ്യവസ്ഥ ചെയ്യുന്നതോ ഉൾപ്പെടുന്നതാകുന്നു;

(ത) "സോണോളജിസ്റ്റ് അല്ലെങ്കിൽ ഇമേജിംഗ് വിദഗ്ദ്ധൻ" എന്നാൽ 1956-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ് (1956-ലെ 102) പ്രകാരം അംഗീകരിക്കപ്പെട്ട ഏതെങ്കിലും ഒരു വൈദ്യശാസ്ത്ര യോഗ്യത അല്ലെങ്കിൽ അൾട്രാസോണോഗ്രാഫിയിലോ ഇമേജിംഗ് സാങ്കേതിക മാർഗ്ഗങ്ങളിലോ റേഡിയോളജിയിലോ ഒരു ബിരുദാനന്തര ബിരുദ യോഗ്യതയോ ഉള്ള ഒരാൾ എന്നർത്ഥമാകുന്നു;

(ഥ) "സംസ്ഥാന ബോർഡ്" എന്നാൽ 16 ക വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഒരു സംസ്ഥാന സൂപ്പർവൈസറി ബോർഡ് അല്ലെങ്കിൽ യൂണിയൻ പ്രദേശ സൂപ്പർവൈസറി ബോർഡ് എന്നർത്ഥമാകുന്നു;

(ദ) "നിയമസഭയോടുകൂടിയ യൂണിയൻ പ്രദേശത്തെ സംബന്ധിച്ച സംസ്ഥാന സർക്കാർ" എന്നാൽ ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി നിയമിച്ചിട്ടുള്ള ആ യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു.]

## അദ്ധ്യായം II

### ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളുടെയും ജനിതക പരീക്ഷണശാലകളുടെയും ജനിതക ക്ലിനിക്കുകളുടെയും നിയന്ത്രണം

3. ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളുടെയും ജനിതക പരീക്ഷണശാലകളുടെയും ജനിതക ക്ലിനിക്കുകളുടെയും നിയന്ത്രണം.—ഈ ആക്റ്റിന്റെ പ്രാരംഭത്തിലും അതു മുതൽക്കും,—

(1) ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തപക്ഷം യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയോ നടത്തുന്നതിൽ സഹകരിക്കുകയോ അതിൽ സഹായിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1]-ഉം [2]-ഉം. 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 4-ാം വകുപ്പുപ്രകാരം യഥാക്രമം പകരം ചേർത്തതും കൂട്ടിച്ചേർത്തതും.

[1][(2) യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ ജനിതക പരീക്ഷണശാലയോ ജനിതക ക്ലിനിക്കോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകൾ ഇല്ലാത്ത ഏതൊരാളേയും പ്രതിഫലം നൽകാതെയോ നൽകിയോ നിയമിക്കുകയോ നിയമിക്കാൻ ഇടവരുത്തുകയോ ഏതെങ്കിലും ആളുടെ സേവനം സ്വീകരിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.]

(3) യാതൊരു വൈദ്യ ജനിതകവിജ്ഞാനിയോ, സ്ത്രീരോഗ വിദഗ്ദ്ധനോ, ശിശുരോഗ വിദഗ്ദ്ധനോ രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ, ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥലത്തല്ലാതെയുള്ള ഒരു സ്ഥലത്തും, സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ മുഖേനയോ നടത്തുകയോ നടത്താൻ ഇടയാക്കുകയോ നടത്തുന്നതിൽ സഹായിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[2][3 ക. ലിംഗനിർധാരണത്തിനുള്ള നിരോധനം.—വന്ധ്യതയുടെ മേഖലയിലെ ഒരു വിദഗ്ദ്ധനോ ഒരു വിദഗ്ദ്ധസംഘമോ ഉൾപ്പെടെയുള്ള യാതൊരാളും സ്വയമോ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ മുഖേനയോ ഒരു സ്ത്രീയിലോ, പുരുഷനിലോ അല്ലെങ്കിൽ ഇരുവരിലുമോ അല്ലെങ്കിൽ അവരിൽ ഒരാളിൽ നിന്നോ ഇരുവരിൽ നിന്നോ ലഭിച്ച ഏതെങ്കിലും ടിഷ്യുവിന്റെയോ ഭ്രൂണത്തിന്റെയോ ഗർഭാശയ ഭ്രൂണത്തിന്റെയോ ഫ്ളൂയിഡിന്റേയോ ലൈംഗിക കോശങ്ങളുടെമേൽ ലിംഗനിർധാരണം നടത്തുകയോ നടത്തുന്നതിനിടയാക്കുകയോ സഹായിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

3 ഖ. ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ആളുകൾ, പരീക്ഷണശാലകൾ, ക്ലിനിക്കുകൾ മുതലായവയ്ക്ക് അൾട്രാസൗണ്ട് യന്ത്രം മുതലായവ വിൽക്കുന്നതിനുള്ള നിരോധനം.—ഗർഭസ്ഥ ശിശുവിന്റെ ലിംഗം നിർണ്ണയിക്കുന്നതിന് കഴിവുള്ള ഏതെങ്കിലും അൾട്രാസൗണ്ട് യന്ത്രമോ ഇമേജിംഗ് യന്ത്രമോ സ്കാനറോ മറ്റേതെങ്കിലും ഉപകരണമോ യാതൊരാളും ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ ജനിതക പരീക്ഷണശാലയ്ക്കോ ജനിതക ക്ലിനിക്കിനോ മറ്റേതെങ്കിലും ആൾക്കോ വിൽക്കാൻ പാടുള്ളതല്ല.]

## അദ്ധ്യായം III

### പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങളുടെ നിയന്ത്രണം

4. പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങളുടെ നിയന്ത്രണം.—ഈ ആക്റ്റിന്റെ പ്രാരംഭത്തിലും അത് മുതൽക്കും,—

(1) രജിസ്റ്റർ ചെയ്യപ്പെട്ട ജനിതക ഉപദേശിക്കൽ കേന്ദ്രമോ ജനിതക പരീക്ഷണശാലയോ ജനിതക ക്ലിനിക്കോ ഉൾപ്പെടെയുള്ള ഒരു സ്ഥലവും (2)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടിയും (3)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ പാലിച്ചശേഷവും അല്ലാതെ യാതൊരാളും പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾക്കായി ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) താഴെ പറയുന്ന ഏതെങ്കിലും അസ്വാഭാവികതങ്ങൾ കണ്ടുപിടിക്കുന്ന ആവശ്യങ്ങൾക്കൊഴികെ യാതൊരു പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങളും നടത്താൻ പാടുള്ളതല്ല; അതായത്:—

(i) ക്രോമസോമിനെ സംബന്ധിച്ച അസ്വാഭാവികതങ്ങൾ;

(ii) ജനിതക പോഷണ പരിണാമ വിഷയക രോഗങ്ങൾ;

(iii) ഹീമോഗ്ളോബിനോപതി;

(iv) ലിംഗബന്ധിത ജനിതക രോഗങ്ങൾ;

(v) ജനനാലുള്ള ക്രമക്കേടുകൾ;

(vi) കേന്ദ്ര സൂപ്പർവൈസറി ബോർഡിന് വിനിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും അസ്വാഭാവികതങ്ങളോ രോഗങ്ങളോ.

[3][(3) യാതൊരു പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങളും അവ നടത്തുന്നതിന് യോഗ്യതയുള്ള വ്യക്തിക്ക് താഴെ പറയുന്ന ഏതെങ്കിലും നിബന്ധനകൾ നിറവേറ്റിയിട്ടുണ്ടെന്ന് രേഖാമൂലം രേഖപ്പെടുത്തേണ്ടതായ കാരണങ്ങളാൽ ബോദ്ധ്യപ്പെടാത്തപക്ഷം, ഉപയോഗിക്കുകയോ നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല, അതായത്:—

[1]ഉം. [2]ഉം. [3]ഉം 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 5-ഉം, 6-ഉം, 7-ഉം വകുപ്പുപ്രകാരം യഥാക്രമം പകരം ചേർക്കുകയും കൂട്ടിച്ചേർക്കുകയും പകരം ചേർക്കുകയും ചെയ്തത്.

(i) ഗർഭിണിയായ സ്ത്രീയുടെ പ്രായം മുപ്പത്തിയഞ്ച് വയസ്സിന് മുകളിലായിരിക്കുക;

(ii) ഗർഭിണിയായ സ്ത്രീ രണ്ടോ അതിലധികമോ, താനേ ഉണ്ടായ ഗർഭഛിദ്രങ്ങൾക്കോ ഗർഭസ്ഥ ശിശുവിന്റെ നഷ്ടത്തിനോ വിധേയയായിരിക്കുക;

(iii) മരുന്നുകൾ, റേഡിയേഷൻ, പകർച്ചവ്യാധി അല്ലെങ്കിൽ രാസവസ്തുക്കൾ മുതലായവ പോലെ രൂപവൈകൃതങ്ങൾ ഉണ്ടാക്കുവാൻ സാദ്ധ്യതയുള്ള ഹേതുക്കൾക്ക് ഗർഭിണിയായ സ്ത്രീ വിധേയയായിട്ടുണ്ടായിരിക്കുക;

(iv) ഗർഭിണിയായ സ്ത്രീക്ക് അല്ലെങ്കിൽ അവളുടെ ഇണയ്ക്ക് ബുദ്ധിമാന്ദ്യത്തിന്റെയോ അല്ലെങ്കിൽ മസ്തിഷ്ക രോഗംമൂലമുള്ള വികലാംഗത്വമോ മറ്റേതെങ്കിലും ജനിതകരോഗമോപോലുള്ള ശാരീരിക വൈകല്യത്തിന്റെയോ ഒരു കുടുംബചരിത്രം ഉണ്ടായിരിക്കുക;

(v) ബോർഡിന് വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള മറ്റേതെങ്കിലും നിബന്ധന :

എന്നാൽ, ഗർഭിണിയായ സ്ത്രീയിൽ അൾട്രാസോണോഗ്രാഫി നടത്തുന്ന ആൾ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ അതു സംബന്ധിച്ച പൂർണ്ണ രേഖകൾ ക്ലിനിക്കിൽ സൂക്ഷിക്കേണ്ടതും അപ്രകാരമുള്ള അൾട്രാസോണോഗ്രാഫി നടത്തുന്ന ആൾ മറിച്ചു തെളിയിക്കാത്തപക്ഷം അതിൽ കാണുന്ന ഏതെങ്കിലും കുറവോ കൃത്യതയില്ലായ്മയോ 5-ാം വകുപ്പിലെയോ 6-ാം വകുപ്പിലെയോ വ്യവസ്ഥകളുടെ ഉല്ലംഘനമായിരിക്കുന്നതാണ്.

(4) ഗർഭിണിയായ സ്ത്രീയുടെ ഒരു ബന്ധുവോ ഭർത്താവോ ഉൾപ്പെടെയുള്ള യാതൊരാളും (2)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കൊഴികെ ഏതെങ്കിലും പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങൾ അവളിൽ നടത്തുന്നതിന് ആവശ്യപ്പെടുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(5) ഒരു സ്ത്രീയുടെ ഒരു ബന്ധുവോ ഭർത്താവോ ഉൾപ്പെടെയുള്ള യാതൊരാളും ഏതെങ്കിലും ലിംഗനിർധാരണ സാങ്കേതികമാർഗ്ഗങ്ങൾ അവളിലോ അവനിലോ അല്ലെങ്കിൽ ഇരുവരിലുമോ നടത്തുന്നതിന് ആവശ്യപ്പെടുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.]

5. ഗർഭമുള്ള സ്ത്രീയുടെ രേഖാമൂലമായ സമ്മതവും ഗർഭസ്ഥശിശുവിന്റെ ലിംഗഭേദം അറിയിക്കുന്നതിന്റെ നിരോധനവും.—(1) 3-ാം വകുപ്പ് (2)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള യാതൊരാളും, പ്രസവപൂർവ്വ രോഗനിർണ്ണയ നടപടികൾ—

(ക) അയാൾ, അങ്ങനെയുള്ള നടപടികളുടെ അറിയാവുന്ന എല്ലാ വശത്തേയും അതിന്റെ അനന്തരഫലങ്ങളെയും ബന്ധപ്പെട്ട ഗർഭമുള്ള സ്ത്രീയോട് വിശദീകരിക്കുകയും;

(ഖ) അയാൾ, അങ്ങനെയുള്ള നടപടികൾക്ക് അവൾ വിധേയയാകുന്നതിന് അവൾക്ക് മനസ്സിലാകുന്ന ഭാഷയിൽ അവളുടെ രേഖാമൂലമായ സമ്മതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നേടിയിരിക്കുകയും;

(ഗ) (ഖ) ഖണ്ഡപ്രകാരം നേടിയിട്ടുള്ള, ഗർഭമുള്ള സ്ത്രീയുടെ, രേഖാമൂലമായ സമ്മതത്തിന്റെ ഒരു പകർപ്പ് അവൾക്ക് നൽകിയിരിക്കുകയും;

ചെയ്തിട്ടില്ലാത്തപക്ഷം, നടത്താൻ പാടുള്ളതല്ല.

[1][(2) പ്രസവപൂർവ്വ രോഗനിർണ്ണയ നടപടികൾ നടത്തുന്നയാൾ ഉൾപ്പെടെയുള്ള യാതൊരാളും ഗർഭസ്ഥശിശുവിന്റെ ലിംഗമേതെന്ന് ബന്ധപ്പെട്ട ഗർഭിണിയായ സ്ത്രീയെയോ ബന്ധുക്കളെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളെയോ വാക്കുകളാലോ അടയാളങ്ങളാലോ മറ്റേതെങ്കിലും രീതിയിലോ അറിയിക്കാൻ പാടുള്ളതല്ല.]

6. ലിംഗനിർണ്ണയത്തിന് നിരോധനം.—ഈ ആക്റ്റിന്റെ പ്രാരംഭത്തിലും അതു മുതൽക്കും,—

(ക) യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ ജനിതക പരീക്ഷണശാലയോ ജനിതക ക്ലിനിക്കോ അതിന്റെ കേന്ദ്രത്തിലോ പരീക്ഷണശാലയിലോ അല്ലെങ്കിൽ ക്ലിനിക്കിലോ ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയത്തിന്റെ ആവശ്യത്തിലേക്കായി അൾട്രാസോണോഗ്രാഫി ഉൾപ്പെടെയുള്ള പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

---

1 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14). 8-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

(ഖ) യാതൊരാളും ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയത്തിന്റെ ആവശ്യത്തിലേക്കായി അൾട്രാ സോണോഗ്രാഫി ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നടത്തുകയോ നടത്താൻ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

[1][(ഗ) യാതൊരാളും ഗർഭധാരണത്തിനുമുമ്പോ ശേഷമോ ഏതെങ്കിലും മാർഗ്ഗത്തിലൂടെ ലിംഗ നിർധാരണത്തിന് ഇടയാക്കുകയോ ഇടയാക്കുന്നതിന് അനുവദിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.]

## അദ്ധ്യായം IV

## കേന്ദ്ര സൂപ്പർവൈസറി ബോർഡ്

7. കേന്ദ്ര സൂപ്പർവൈസറി ബോർഡിന്റെ രൂപവൽക്കരണം.—(1) കേന്ദ്രസർക്കാർ, ഈ ആക്റ്റ് പ്രകാരം ബോർഡിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനുംവേണ്ടി കേന്ദ്ര സൂപ്പർവൈസറി ബോർഡ് എന്നറിയപ്പെടുന്ന ഒരു ബോർഡ് രൂപവൽക്കരിക്കേണ്ടതാണ്.

(2) ബോർഡിൽ,—

(ക) കുടുംബക്ഷേമ മന്ത്രാലയത്തിന്റെയോ വകുപ്പിന്റെയോ ചുമതലയുള്ള മന്ത്രി, എക്സ് ഒഫിഷ്യോ, ചെയർമാൻ ആയിരിക്കുന്നതാണ്;

(ഖ) കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയുള്ള കേന്ദ്ര സർക്കാരിന്റെ സെക്രട്ടറി, എക്സ് ഒഫിഷ്യോ, വൈസ് ചെയർമാൻ ആയിരിക്കുന്നതാണ്;

[2][(ഗ) വനിതാ-ശിശു വികസനത്തിന്റെയും നിയമ-നീതിന്യായ മന്ത്രാലയത്തിലെ നിയമകാര്യ വകുപ്പിന്റെ അല്ലെങ്കിൽ നിയമനിർമ്മാണ വകുപ്പിന്റെയും ഭാരതീയ ചികിൽസാ സമ്പ്രദായത്തിന്റെയും ഹോമിയോപ്പതിയുടെയും ചുമതലയുള്ള കേന്ദ്ര സർക്കാരിന്റെ മന്ത്രാലയങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിയമിക്കേണ്ട മൂന്ന് എക്സ് ഒഫിഷ്യോ അംഗങ്ങൾ;]

(ഘ) കേന്ദ്ര സർക്കാരിലെ ഹെൽത്ത് സർവീസസിന്റെ ഡയറക്ടർ ജനറൽ, എക്സ് ഒഫിഷ്യോ;

(ങ) കേന്ദ്ര സർക്കാർ,—

(i) ശ്രേഷ്ഠരായ വൈദ്യ-ജനിതക വിജ്ഞാനികൾ;

[3][(ii) ശ്രേഷ്ഠരായ സ്ത്രീരോഗ വിദഗ്ദ്ധനും സൂതികാശാസ്ത്ര വിദഗ്ദ്ധനും അല്ലെങ്കിൽ സ്ത്രീരോഗത്തിലോ പ്രസൂതി തന്ത്രത്തിലോ വൈദഗ്ദ്ധ്യമുള്ളയാൾ;]

(iii) ശ്രേഷ്ഠരായ ശിശുരോഗ വിദഗ്ദ്ധർ;

(iv) ശ്രേഷ്ഠരായ സാമൂഹ്യ ശാസ്ത്രജ്ഞർ;

(v) വനിതാക്ഷേമ സംഘടനകളുടെ പ്രതിനിധികൾ;

എന്നിവർക്കിടയിൽനിന്നും നിയമിക്കപ്പെടുന്ന രണ്ടുപേർ വീതം പത്തംഗങ്ങൾ;

(ച) മൂന്ന് വനിതാ പാർലമെന്റ് അംഗങ്ങൾ, അതിൽ രണ്ടുപേർ ലോകസഭ തെരഞ്ഞെടുത്തതും ഒരാൾ രാജ്യസഭ തെരഞ്ഞെടുത്തതും ആയിരിക്കേണ്ടതാണ്;

(ഛ) സംസ്ഥാനങ്ങളേയും യൂണിയൻ പ്രദേശങ്ങളേയും പ്രതിനിധാനം ചെയ്യുന്നതിന്, ഊഴമനുസരിച്ച്, രണ്ടുപേർ അക്ഷരമാലാക്രമത്തിലും രണ്ടുപേർ നേർ വിപരീത അക്ഷരമാലാക്രമത്തിലും, കേന്ദ്രസർക്കാർ നിയമിക്കേണ്ട നാല് അംഗങ്ങൾ:

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14), 9-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

[2,3] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14), 10-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

എന്നാൽ, ഈ ഖണ്ഡപ്രകാരമുള്ള യാതൊരു നിയമനവും അതതു സംഗതിപോലെ സംസ്ഥാന സർക്കാരിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ ശിപാർശയിൻമേലല്ലാതെ നടത്താൻ പാടുള്ളതല്ല;

(ജ) കേന്ദ്ര സർക്കാരിന്റെ കുടുംബ ക്ഷേമത്തിന്റെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയുടെ താഴെയല്ലാത്തതോ തത്തുല്യ പദവിയിലുള്ളതോ ആയ ഒരു ഉദ്യോഗസ്ഥൻ, എക്സ് ഒഫിഷ്യോ, മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

8. അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) എക്സ് ഒഫിഷ്യോ അംഗമല്ലാത്ത ഒരു അംഗത്തിന്റെ ഉദ്യോഗ കാലാവധി,—

(ക) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡമോ (ച) ഖണ്ഡമോ പ്രകാരമുള്ള നിയമനത്തിന്റെ സംഗതിയിൽ മൂന്ന് വർഷവും:

[1][എന്നാൽ, 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ച) ഖണ്ഡത്തിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഒരംഗം, മന്ത്രിയോ, സഹമന്ത്രിയോ, ഉപമന്ത്രിയോ, ലോകസഭയിലെ സ്പീക്കറോ ഡെപ്യൂട്ടി സ്പീക്കറോ, രാജ്യസഭയിലെ ഡെപ്യൂട്ടി ചെയർമാനോ, ആകുകയോ അല്ലെങ്കിൽ അവർ തെരഞ്ഞെടുക്കപ്പെട്ട സഭയിലെ ഒരംഗം അല്ലാതായിത്തീരുകയോ ചെയ്താലുടൻതന്നെ, ആ അംഗത്തിന്റെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നതാണ്;]

(ഖ) പ്രസ്തുത ഉപവകുപ്പ് (ഛ) ഖണ്ഡപ്രകാരമുള്ള നിയമനത്തിന്റെ സംഗതിയിൽ ഒരു വർഷവും; ആയിരിക്കേണ്ടതാണ്.

(2) മറ്റേതെങ്കിലും അംഗങ്ങളുടെ ഔദ്യോഗിക സ്ഥാനത്തിൽ, അയാളുടെ മരണമോ, രാജിയോ അല്ലെങ്കിൽ രോഗമോ മറ്റ് അപ്രാപ്തിയോമൂലം അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള കഴിവില്ലായ്മയോ കാരണം ഒരു ആകസ്മിക ഒഴിവ് ഉണ്ടാവുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവ് കേന്ദ്രസർക്കാർ ഒരു പുതിയ നിയമനം നടത്തി നികത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന അംഗം ഏതൊരാളുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടിരിക്കുന്നത് ആ ആളുടെ ഔദ്യോഗിക കാലാവധിയുടെ ശേഷിക്കുന്ന കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും ആകുന്നു.

(3) വൈസ് ചെയർമാൻ, ചെയർമാൻ കാലാകാലങ്ങളിൽ അദ്ദേഹത്തെ ഭരമേല്പിക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്;

(4) അംഗങ്ങൾ അവരുടെ ചുമതലകളുടെ നിർവ്വഹണത്തിൽ പാലിക്കേണ്ടതായ നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

9. ബോർഡിന്റെ യോഗങ്ങൾ.—(1) ബോർഡ്, റെഗുലേഷനുകളാൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള സമയത്തും സ്ഥലത്തും വച്ച് യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പുകൾ സംബന്ധിച്ച് (അപ്രകാരമുള്ള യോഗങ്ങളിലെ കോറം ഉൾപ്പെടെ) അങ്ങനെയുള്ള നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാകുന്നു:

എന്നാൽ, ബോർഡ് കുറഞ്ഞത് ആറുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ്.

(2) ചെയർമാനും അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് ചെയർമാനും ബോർഡിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ഏതെങ്കിലും കാരണത്താൽ ചെയർമാനോ വൈസ് ചെയർമാനോ ബോർഡിന്റെ ഏതെങ്കിലും യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാതെ വരുന്നപക്ഷം, പ്രസ്തുത യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട മറ്റേതെങ്കിലും അംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ബോർഡിന്റെ ഏതെങ്കിലും യോഗത്തിനു മുമ്പാകെ വരുന്ന എല്ലാ തർക്ക വിഷയങ്ങളും, ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ വോട്ടുകളുടെ ഭൂരിപക്ഷംകൊണ്ടു തീരുമാനിക്കേണ്ടതും, എന്നാൽ വോട്ടുകളുടെ തുല്യതയുടെ വിഷയത്തിൽ ചെയർമാന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആൾക്ക് ഒരു രണ്ടാം വോട്ട് അല്ലെങ്കിൽ നിർണ്ണായക വോട്ട് ഉണ്ടായിരിക്കുന്നതും, അത് പ്രയോഗിക്കേണ്ടതും ആകുന്നു.

---

1 3-9-2001-ലെ അസാധാരണ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2001-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2001-ലെ 32), 2-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

(5) എക്സ് ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത അംഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന ബത്തകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, ബോർഡിൽനിന്നും കൈപ്പറ്റേണ്ടതാണ്.

10. ഒഴിവുകൾ മുതലായവ ബോർഡിന്റെ നടപടിക്രമങ്ങളെ അസാധുവാക്കുന്നതല്ലെന്ന്.—ബോർഡിന്റെ യാതൊരു പ്രവൃത്തിയും നടപടിക്രമവും,—

(ക) ബോർഡിലെ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപവൽക്കരണത്തിലെ ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) ബോർഡിൽ അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലെ എന്തെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഗ) കാര്യത്തിന്റെ ഗുണദോഷങ്ങളെ ബാധിക്കാത്ത ബോർഡിന്റെ നടപടിയിലെ ഏതെങ്കിലും ക്രമക്കേടോ;

എന്നീ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

11. പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ബോർഡുമായി ആളുകളുടെ താത്ക്കാലിക സഹകരണം.—(1) ബോർഡിന്, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും ആളുടെ സഹായമോ ഉപദേശമോ അതിന് വേണ്ടിവരുന്നെങ്കിൽ, റെഗുലേഷനുകളാൽ നിശ്ചയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയും ആ ആളുമായി അതിന് സഹകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ആവശ്യത്തിന്, ബോർഡ് അതുമായി സഹകരിപ്പിച്ച ഒരാൾക്ക് ആ ആവശ്യത്തിന് പ്രസക്തമായ ചർച്ചകളിൽ പങ്കെടുക്കുന്നതിന് ഒരവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ ബോർഡിന്റെ ഒരു യോഗത്തിൽ വോട്ടുചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, മറ്റേതെങ്കിലും ആവശ്യത്തിന് ഒരംഗം ആയിരിക്കുന്നതല്ലാത്തതുമാണ്.

12. ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം.—(1) ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അതിനെ പ്രാപ്തമാക്കുന്ന ആവശ്യത്തിലേക്ക് ബോർഡിന്, ഈ ആവശ്യത്തിലേക്ക് ഉണ്ടാക്കാവുന്ന അങ്ങനെയുള്ള റെഗുലേഷനുകൾക്ക് വിധേയമായി ആവശ്യമാണെന്ന് കരുതുന്നത്ര എണ്ണം ഉദ്യോഗസ്ഥൻമാരേയും മറ്റ് ജീവനക്കാരേയും (ഡെപ്യൂട്ടേഷനിലോ അല്ലെങ്കിൽ മറ്റുവിധത്തിലോ ആയാലും) നിയമിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള റെഗുലേഷനുകളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാരുടെ നിയമനം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായിരിക്കേണ്ടതാണ്.

(2) ബോർഡ് നിയമിക്കുന്ന ഓരോ ഉദ്യോഗസ്ഥനും മറ്റ് ജീവനക്കാരനും റെഗുലേഷനുകളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സേവന വ്യവസ്ഥകൾക്ക് വിധേയനായിരിക്കുന്നതും അങ്ങനെയുള്ള വേതനത്തിന് അർഹനായിരിക്കുന്നതുമാണ്.

13. ബോർഡിന്റെ ഉത്തരവുകളും മറ്റ് രേഖകളും പ്രമാണീകരിക്കൽ.—ബോർഡിന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർമാന്റെയോ ബോർഡ് ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും അംഗത്തിന്റെയോ കയ്യൊപ്പിട്ട് പ്രമാണീകരിക്കേണ്ടതും ബോർഡ് പുറപ്പെടുവിക്കുന്ന മറ്റെല്ലാ രേഖകളും മെമ്പർ സെക്രട്ടറിയോ ഇതിലേക്കായി അതേ രീതിയിൽ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ കയ്യൊപ്പിട്ട് പ്രമാണീകരിക്കേണ്ടതുമാണ്.

14. അംഗമായുള്ള നിയമനത്തിന് അയോഗ്യതകൾ.—ഒരാൾ അംഗമായി നിയമിക്കപ്പെടുന്നതിന് അയാൾ,—

(ക) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അവിമുക്തനിർദ്ധനൻ ആയിരിക്കുകയോ ; അല്ലെങ്കിൽ

(ഗ) ചിത്തഭ്രമമുള്ള ആളായിരിക്കുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിച്ചിട്ടുണ്ടായിരിക്കുകയും ചെയ്യുകയോ; അല്ലെങ്കിൽ

(ഘ) സർക്കാരിന്റേയോ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ സർവ്വീസിൽനിന്നും നീക്കം ചെയ്യപ്പെട്ടിരിക്കുകയോ പിരിച്ചുവിടപ്പെട്ടിരിക്കുകയോ; അല്ലെങ്കിൽ

(ങ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ അയാളാൽ നിർവ്വഹിക്കപ്പെടുന്നതിനെ ദോഷകരമായി ബാധിക്കാൻ ഇടയുള്ള ബോർഡിന്റെ സാമ്പത്തികമോ മറ്റുവിധത്തിലുള്ളതോ ആയ താത്പര്യം ഉള്ള ആളായിരിക്കുകയോ;

[1] [(ച) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ, ലിംഗനിർണ്ണയത്തിനായി പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങളുടെ ഉപയോഗവുമായോ പ്രോൽസാഹനവുമായോ അല്ലെങ്കിൽ ലിംഗനിർധാരണ സാങ്കേതിക മാർഗ്ഗങ്ങളുമായോ സഹകരിക്കപ്പെട്ടിട്ടുണ്ടായിരിക്കുകയോ;]

ആണെങ്കിൽ അയോഗ്യനായിരിക്കുന്നതാണ്.

15. അംഗത്തിന്റെ പുനർനിയമനത്തിനുള്ള അർഹത.—അംഗമല്ലാതായിത്തീരുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന മറ്റു സേവന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി അപ്രകാരമുള്ള ഒരു അംഗമായി പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്:

[2] [എന്നാൽ, ഒരു എക്സ്ഒഫിഷ്യോ അംഗം അല്ലാതെയുള്ള യാതൊരംഗത്തേയും രണ്ട് തുടർച്ചയായ കാലയളവിൽ കൂടുതലായി നിയമിക്കുവാൻ പാടുള്ളതല്ല.]

[3] [16. ബോർഡിന്റെ ചുമതലകൾ.—ബോർഡിന് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങളുടെയും ലിംഗനിർധാരണ സാങ്കേതിക മാർഗ്ഗങ്ങളുടെയും ഉപയോഗത്തെയും അവയുടെ ദുരുപയോഗത്തിന് എതിരായുള്ളതും ആയ നയപരമായ കാര്യങ്ങളെ സംബന്ധിച്ച് കേന്ദ്രസർക്കാരിനെ ഉപദേശിക്കുക;

(ii) ഈ ആക്റ്റിന്റെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും നടപ്പാക്കൽ പുനരവലോകനം നടത്തുകയും നിരീക്ഷിക്കുകയും പ്രസ്തുത ആക്റ്റിന്റെയും ചട്ടങ്ങളുടെയും മാറ്റങ്ങൾക്ക് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യുകയും ചെയ്യുക;

(iii) പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന ഗർഭധാരണത്തിനുമുമ്പുള്ള ലിംഗ നിർധാരണത്തിന്റേയും ഗർഭസ്ഥശിശുവിന്റെ പ്രസവപൂർവ്വ ലിംഗനിർണ്ണയത്തിന്റേയും സമ്പ്രദായ ങ്ങൾക്കെതിരെ പൊതുജന അവബോധം സൃഷ്ടിക്കുക;

(iv) ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളിലും, ജനിതക പരീക്ഷണശാലകളിലും, ജനിതക ക്ലിനിക്കുകളിലും ജോലി ചെയ്യുന്ന ആളുകൾ പാലിക്കേണ്ട പെരുമാറ്റ ചട്ടം ഉണ്ടാക്കുക;

(v) ഈ ആക്റ്റിൻകീഴിൽ രൂപവൽക്കരിച്ച വിവിധ നികായങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും അവയുടെ ഉചിതവും കാര്യക്ഷമവുമായ നടപ്പാക്കൽ ഉറപ്പുവരുത്തുന്നതിന് സമുചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക;

(vi) ഈ ആക്റ്റിൻകീഴിൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും ചുമതലകൾ.]

[4] [16 ക. സംസ്ഥാന സൂപ്പർവൈസറി ബോർഡിന്റെയും യൂണിയൻ പ്രദേശ സൂപ്പർവൈസറി ബോർഡിന്റെയും രൂപവൽക്കരണം.—(1) നിയമനിർമ്മാണസഭ നിലവിലുള്ള ഓരോ സംസ്ഥാനവും യൂണിയൻ പ്രദേശവും താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്ന, സംസ്ഥാന സൂപ്പർവൈസറി ബോർഡ് അല്ലെങ്കിൽ യൂണിയൻ പ്രദേശ് സൂപ്പർവൈസറി ബോർഡ് എന്ന് അറിയപ്പെടുന്ന ബോർഡുകൾ, അതതു സംഗതിപോലെ, രൂപവൽക്കരിക്കേണ്ടതാണ്:—

---

1-ഉം, 2-ഉം, 3-ഉം. 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗ നിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 11-ാം വകുപ്പുപ്രകാരം പകരം ചേർത്തതും 12-ഉം 13-ഉം വകുപ്പുകൾ പ്രകാരം യഥാക്രമം കൂട്ടിച്ചേർത്തതും പകരം ചേർത്തതും.

4. 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 14-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

(i) സംസ്ഥാനത്ത്, പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന ഗർഭധാരണത്തിനു മുമ്പുള്ള ലിംഗനിർധാരണത്തിന്റേയും ഗർഭസ്ഥശിശുവിന്റെ പ്രസവപൂർവ്വ ലിംഗനിർണ്ണയത്തിന്റേയും സമ്പ്രദായങ്ങൾക്കെതിരെ പൊതുജന അവബോധം സൃഷ്ടിക്കുക;

(ii) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമുചിത അധികാര സ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യുകയും അവർക്കെതിരെ ഉചിതമായ നടപടി ശിപാർശ ചെയ്യുകയും ചെയ്യുക;

(iii) ആക്റ്റിലെ വ്യവസ്ഥകളും ചട്ടങ്ങളും നടപ്പാക്കുന്നത് നിരീക്ഷിക്കുകയും അതുമായി ബന്ധപ്പെട്ട അനുയോജ്യമായ ശിപാർശകൾ ബോർഡിന് നൽകുകയും ചെയ്യുക;

(iv) ഈ ആക്റ്റ് പ്രകാരം സംസ്ഥാനത്ത് ഏറ്റെടുത്ത വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സമാഹൃത റിപ്പോർട്ടുകൾ ബോർഡിലേക്കും കേന്ദ്രസർക്കാരിലേക്കും അയയ്ക്കുക; കൂടാതെ

(v) ഈ ആക്റ്റ് പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും ചുമതലകൾ.

(2) സംസ്ഥാന ബോർഡിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നതാണ്,—

(ക) സംസ്ഥാനത്തെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, എക്സ് ഒഫിഷ്യോ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ഖ) ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി; എക്സ് ഒഫിഷ്യോ, വൈസ് ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ഗ) വനിതാ-ശിശു വികസനം, സാമൂഹികക്ഷേമം, നിയമം, ഇൻഡ്യൻ ചികിത്സാ സമ്പ്രദായവും ഹോമിയോപ്പതിയും എന്നീ വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരോ കമ്മീഷണർമാരോ അല്ലെങ്കിൽ അവരുടെ പ്രതിനിധികളോ, എക്സ് ഒഫിഷ്യോ;

(ഘ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമത്തിന്റെ അല്ലെങ്കിൽ ഇൻഡ്യൻ ചികിത്സാസമ്പ്രദായവും ഹോമിയോപ്പതിയുടെയും ഡയറക്ടർ, എക്സ് ഒഫിഷ്യോ;

(ങ) നിയമസഭയുടെയോ അല്ലെങ്കിൽ നിയമസമിതിയുടെയോ മൂന്ന് വനിതാ അംഗങ്ങൾ;

(ച) സംസ്ഥാന സർക്കാർ നിയമിക്കേണ്ട പത്തംഗങ്ങൾ, അതിൽ രണ്ടുപേർ വീതം താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്നായിരിക്കേണ്ടതാണ്,—

(i) ശ്രേഷ്ഠരായ സാമൂഹിക ശാസ്ത്രജ്ഞരും നിയമവിദഗ്ദ്ധരും;

(ii) സർക്കാരിതര സംഘടനകളിൽനിന്നോ അല്ലെങ്കിൽ മറ്റു പ്രകാരത്തിലോ ശ്രേഷ്ഠരായ സജീവ വനിതാ പ്രവർത്തകർ;

(iii) ശ്രേഷ്ഠരായ സ്ത്രീരോഗ വിദഗ്ദ്ധരും സൂതികാശാസ്ത്ര വിദഗ്ദ്ധരും അല്ലെങ്കിൽ സ്ത്രീരോഗ അല്ലെങ്കിൽ പ്രസൂതിതന്ത്ര വിദഗ്ദ്ധരും;

(iv) ശ്രേഷ്ഠരായ ശിശുരോഗ വിദഗ്ദ്ധരും അല്ലെങ്കിൽ വൈദ്യ ജനിതക വിജ്ഞാനികളും;

(v) ശ്രേഷ്ഠരായ റേഡിയോളജിസ്റ്റുകളും അല്ലെങ്കിൽ സോണോളജിസ്റ്റുകളും;

(ഛ) കുടുംബക്ഷേമത്തിന്റെ ചുമതലയുള്ള ജോയിന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ, എക്സ് ഒഫിഷ്യോ, മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

(3) സംസ്ഥാന ബോർഡ് കുറഞ്ഞത് നാല് മാസത്തിലൊരിക്കൽ കൂടേണ്ടതാണ്.

(4) എക്സ് ഒഫിഷ്യോ അംഗം അല്ലാത്ത ഒരംഗത്തിന്റെ കാലാവധി മൂന്ന് വർഷമായിരിക്കേണ്ടതാണ്.

(5) എക്സ് ഒഫിഷ്യോ അംഗം അല്ലാത്ത ഏതെങ്കിലും അംഗത്തിന്റെ ഉദ്യോഗത്തിൽ ഒഴിവ് വരുകയാണെങ്കിൽ, പുതിയ നിയമനം വഴി അത് നികത്തേണ്ടതാണ്.

(6) സംസ്ഥാന ബോർഡിന്റെ ഒരംഗമായ നിയമസഭയിലെയോ നിയമസമിതിയിലെയോ ഒരംഗം, മന്ത്രിയോ, നിയമസഭയുടെ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അല്ലെങ്കിൽ നിയമസമിതിയുടെ ചെയർപേഴ്സണോ, ഡെപ്യൂട്ടി ചെയർപേഴ്സണോ ആയിത്തീരുകയാണെങ്കിൽ അവർ സംസ്ഥാന ബോർഡിന്റെ അംഗമല്ലാതായിത്തീരുന്നതാണ്.

(7) സംസ്ഥാന ബോർഡിന്റെ മൊത്തം അംഗങ്ങളിൽ മൂന്നിൽ ഒന്ന്, ക്വോറം തികയാൻ മതിയാകുന്നതാണ്.

(8) സംസ്ഥാന ബോർഡിന് ആവശ്യമായി വരുമ്പോൾ ഒരംഗത്തെ കോ-ഓപ്റ്റ് ചെയ്യാവുന്നതും, എന്നാൽ, കോ-ഓപ്റ്റ് ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം സംസ്ഥാന ബോർഡിന്റെ മൊത്തം അംഗബലത്തിന്റെ മൂന്നിൽ ഒന്ന് കവിയാൻ പാടില്ലാത്തതാകുന്നു.

(9) കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക്, വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഒഴികെ, മറ്റംഗങ്ങൾക്കുള്ളതുപോലുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതും, ചട്ടങ്ങളും റെഗുലേഷനുകളും അനുസരിക്കേണ്ടതുമാണ്.

(10) ഈ വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളെ സംബന്ധിച്ച്, ബോർഡിന് ബാധകമാകുന്ന നടപടിക്രമങ്ങളും നിബന്ധനകളും സംസ്ഥാന ബോർഡ് അനുവർത്തിക്കേണ്ടതാണ്.]

## <u>അദ്ധ്യായം V</u>

## സമുചിത അധികാരസ്ഥാനവും ഉപദേശക സമിതിയും

17. <u>സമുചിത അധികാരസ്ഥാനവും ഉപദേശക സമിതിയും.</u>— (1) കേന്ദ്രസർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഓരോ യൂണിയൻ പ്രദേശത്തിനുവേണ്ടിയും ഒന്നോ അതിലധികമോ സമുചിത അധികാരസ്ഥാനങ്ങളെ നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, പെൺഭ്രൂണഹത്യയിലേക്ക് നയിക്കുന്ന പ്രസവപൂർവ്വ ലിംഗനിർണ്ണയമെന്ന പ്രശ്നത്തിന്റെ തീവ്രത കണക്കിലെടുത്തുകൊണ്ട്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, സംസ്ഥാനത്തിന് മുഴുവനായോ അല്ലെങ്കിൽ ഒരു ഭാഗത്തിനുവേണ്ടിയോ, ഒന്നോ അതിലധികമോ സമുചിത അധികാരസ്ഥാനങ്ങളെ നിയമിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം സമുചിത അധികാരസ്ഥാനങ്ങളായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ,—

[1][(ക) സംസ്ഥാനത്തിന് മുഴുവനായോ യൂണിയൻ പ്രദേശത്തിനുവേണ്ടിയോ നിയമിക്കപ്പെടുമ്പോൾ താഴെ പറയുന്ന മൂന്ന് അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്,—

(i) ആരോഗ്യ-കുടുംബക്ഷേമത്തിന്റെ ജോയിന്റ് ഡയറക്ടറുടെ പദവിയിലോ അതിനു മുകളിലോ ഉള്ള ഒരു ഉദ്യോഗസ്ഥൻ—ചെയർപേഴ്സണും;

(ii) വനിതാ സംഘടനയെ പ്രതിനിധീകരിക്കുന്ന ഒരു ശ്രേഷ്ഠ വനിതയും;

(iii) ബന്ധപ്പെട്ട സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും :

എന്നാൽ, 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്ന് മൂന്ന് മാസത്തിനുള്ളിൽ ബഹുഅംഗ സംസ്ഥാന അല്ലെങ്കിൽ യൂണിയൻ പ്രദേശ തലത്തിലുള്ള സമുചിത അധികാരസ്ഥാനം രൂപവൽക്കരിക്കേണ്ടതിന്റെ ചുമതല ബന്ധപ്പെട്ട സംസ്ഥാനത്തിനോ യൂണിയൻ പ്രദേശത്തിനോ ആയിരിക്കേണ്ടതാണ്:

എന്നിരുന്നാൽ തന്നെയും, അതിൽ ഏതെങ്കിലും ഒഴിവ് ഉണ്ടാകുകയാണെങ്കിൽ മൂന്നുമാസത്തിനുള്ളിൽ നികത്തേണ്ടതാണ്;]

(ഖ) സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ യൂണിയൻ പ്രദേശത്തിന്റെയോ ഏതെങ്കിലും ഒരു ഭാഗത്തിനുവേണ്ടി നിയമിക്കപ്പെടുമ്പോൾ സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ കേന്ദ്രസർക്കാരിനോ, അതതു സംഗതിപോലെ, യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള മറ്റു പദവിയിലുള്ളവരും,

ആയിരിക്കേണ്ടതുമാണ്.

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 15-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

(4) സമുചിത അധികാരസ്ഥാനത്തിന് താഴെ പറയുന്ന ചുമതലകളുണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഒരു ജനിതക ഉപദേശിക്കൽ കേന്ദ്രത്തിന്റെയോ ജനിതക പരീക്ഷണശാലയുടെയോ ജനിതക ക്ലിനിക്കിന്റെയോ രജിസ്ട്രേഷൻ നൽകുകയോ താത്കാലികമായി നിർത്തിവയ്ക്കുകയോ, റദ്ദാക്കുകയോ ചെയ്യുക;

(ഖ) ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനും ജനിതക പരീക്ഷണശാലയ്ക്കും ജനിതക ക്ലിനിക്കിനും വേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ നടപ്പിലാക്കുക;

(ഗ) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിന്റെ പരാതികൾ അന്വേഷിക്കുകയും സത്വരനടപടിയെടുക്കുകയും ചെയ്യുക;

(ഘ) രജിസ്ട്രേഷനുള്ള അപേക്ഷയിൻമേലും രജിസ്ട്രേഷൻ താത്കാലികമായി നിർത്തിവയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള പരാതികളിൻമേലും (5)-ാം ഉപവകുപ്പ് പ്രകാരം രൂപവൽക്കരിച്ചിട്ടുള്ള ഉപദേശക സമിതിയുടെ ഉപദേശം തേടുകയും പരിഗണിക്കുകയും ചെയ്യുക;

[1] [(ങ) സ്വമേധയായോ അല്ലെങ്കിൽ അതിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയോ ചെയ്താൽ ഏതെങ്കിലും സ്ഥലത്ത് ഏതെങ്കിലും ആൾ ലിംഗനിർധാരണ സാങ്കേതികമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനെതിരെ ഉചിതമായ നിയമ നടപടി എടുക്കുകയും അപ്രകാരമുള്ള സംഗതിയിൽ സ്വതന്ത്രമായ അന്വേഷണങ്ങൾ കൂടി നടത്തുകയും ചെയ്യുക;

(ച) ലിംഗനിർധാരണം അല്ലെങ്കിൽ പ്രസവപൂർവ്വ ലിംഗനിർണ്ണയ സമ്പ്രദായത്തിനെതിരെ പൊതുജന അവബോധം ഉണ്ടാക്കുക;

(ഛ) ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ മേൽനോട്ടം വഹിക്കുക;

(ജ) സാങ്കേതിക വിദ്യയിലെയോ സാമൂഹ്യവ്യവസ്ഥിതിയിലെയോ മാറ്റങ്ങൾക്ക് അനുസൃതമായി ചട്ടങ്ങളിൽ വരുത്തേണ്ട രൂപഭേദപ്പെടുത്തലുകളെക്കുറിച്ച് ബോർഡിനോടും സംസ്ഥാന ബോർഡുകളോടും ശിപാർശ ചെയ്യുക;

(ഝ) രജിസ്ട്രേഷൻ താത്കാലികമായി നിർത്തിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പരാതിയിൽ അന്വേഷണം നടത്തിയതിനുശേഷം ഉപദേശക സമിതി നൽകിയ ശിപാർശകളിൻമേൽ നടപടി സ്വീകരിക്കുക.]

(5) കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ, അതതു സംഗതിപോലെ, ഓരോ സമുചിത അധികാരസ്ഥാനത്തിനും വേണ്ടി സമുചിത അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതിനെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി ഒരു ഉപദേശക സമിതി രൂപവൽക്കരിക്കേണ്ടതും ഉപദേശക സമിതിയിലെ അംഗങ്ങളിൽ ഒരാളെ അതിന്റെ ചെയർമാനായി നിയമിക്കേണ്ടതുമാണ്.

(6) ഉപദേശക സമിതിയിൽ താഴെ പറയുന്ന ആളുകൾ അടങ്ങിയിരിക്കേണ്ടതാണ്,—

(ക) സ്ത്രീരോഗ വിദഗ്ദ്ധർ, സൂതികാശാസ്ത്ര വിദഗ്ദ്ധർ, ശിശുരോഗ വിദഗ്ദ്ധർ, വൈദ്യ ജനിതക വിജ്ഞാനികൾ എന്നിവർക്കിടയിൽനിന്നും മൂന്നു വൈദ്യശാസ്ത്ര വിദഗ്ദ്ധർ;

(ഖ) ഒരു നിയമ വിദഗ്ദ്ധൻ;

(ഗ) സംസ്ഥാന സർക്കാരിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ, അതതു സംഗതിപോലെ, വാർത്തയും പ്രസിദ്ധീകരണവും കൈകാര്യം ചെയ്യുന്ന വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ;

(ഘ) ശ്രേഷ്ഠരായ മൂന്നു സാമൂഹിക പ്രവർത്തകർ, അവരിൽ ഒരാളെങ്കിലും വനിതാ സംഘടനകളുടെ പ്രതിനിധികൾക്കിടയിൽനിന്നുമായിരിക്കേണ്ടതാണ്.

[2] [(7) ലിംഗനിർണ്ണയത്തിനോ ലിംഗനിർധാരണത്തിനോവേണ്ടി പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതുമായോ അല്ലെങ്കിൽ പ്രോൽസാഹിപ്പിക്കുന്നതുമായോ സഹകരിച്ചുകൊണ്ടിരിക്കുന്ന യാതൊരാളേയും ഉപദേശക സമിതിയുടെ ഒരംഗമായി നിയമിക്കുവാൻ പാടുള്ളതല്ല.]

[1]-ഉം, [2]-ഉം. 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 15-ാം വകുപ്പു പ്രകാരം യഥാക്രമം കൂട്ടിച്ചേർത്തതും പകരം ചേർത്തതും.

GCPT. 3/2510/2010/DTP.

(8) ഉപദേശക സമിതി അതിന് ഉചിതമെന്ന് തോന്നുമ്പോഴോ അല്ലെങ്കിൽ രജിസ്ട്രേഷനുള്ള ഏതെങ്കിലും അപേക്ഷയോ, രജിസ്ട്രേഷൻ താത്കാലികമായി നിർത്തിവയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ ഉള്ള ഏതെങ്കിലും പരാതിയോ, പരിഗണിക്കണമെന്ന സമുചിത അധികാരസ്ഥാനത്തിന്റെ അഭ്യർത്ഥനയിൻമേലോ യോഗം ചേരാവുന്നതും അതിൻമേൽ ഉപദേശം നൽകാവുന്നതുമാണ്:

എന്നാൽ, ഏതെങ്കിലും രണ്ട് യോഗങ്ങളുടെ ഇടയ്ക്കുവരുന്ന കാലാവധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിയിൽ കവിയാൻ പാടുള്ളതല്ല.

(9) ഒരാളെ ഏത് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് ഉപദേശക സമിതിയിൽ നിയമിക്കാവുന്നതെന്നതും അങ്ങനെയുള്ള സമിതി അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

[1][17 ക. സമുചിത അധികാരസ്ഥാനങ്ങളുടെ അധികാരങ്ങൾ.—സമുചിത അധികാരസ്ഥാനത്തിന് താഴെ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഈ ആക്റ്റിലെയോ ഇതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച വിവരം കൈവശമുള്ള ഏതൊരാളേയും ഹാജരാകാൻ കല്പിക്കുക;

(ഖ) (ക) ഖണ്ഡവുമായി ബന്ധപ്പെട്ട ഏതെങ്കിലും രേഖയോ ലക്ഷ്യ വസ്തുവോ ഹാജരാക്കൽ;

(ഗ) ലിംഗനിർധാരണ സാങ്കേതിക മാർഗ്ഗങ്ങൾ അല്ലെങ്കിൽ പ്രസവപൂർവ്വ ലിംഗനിർണ്ണയം എന്നിവ വ്യാപൃതമായിരിക്കുന്നു എന്ന് സംശയിക്കുന്ന ഏതെങ്കിലും സ്ഥലത്തേക്ക് പരിശോധനാവാറണ്ട് പുറപ്പെടുവിക്കുകയും;

(ഘ) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിയും.]

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 16-ാം വകുപ്പുപ്രകാരം കൂട്ടിച്ചേർത്തത്.

## അദ്ധ്യായം VI

## ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളുടെയും ജനിതക പരീക്ഷണശാലകളുടെയും ജനിതക ക്ലിനിക്കുകളുടെയും രജിസ്ട്രേഷൻ

18. ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളുടെയും ജനിതക പരീക്ഷണശാലകളുടെയും ജനിതക ക്ലിനിക്കുകളുടെയും രജിസ്ട്രേഷൻ.— [1][(1) 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം, യാതൊരാളും, ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയവും ലിംഗനിർധാരണവും നടത്തുവാൻ കഴിയുന്നതോ അല്ലെങ്കിൽ ഇവയിൽ ഏതിലെങ്കിലും സേവനം നൽകുവാൻ കഴിയുന്നതോ ആയ, അൾട്രാസൗണ്ട് അല്ലെങ്കിൽ ഇമേജിംഗ് യന്ത്രമോ സ്കാനറോ അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയോ ഉള്ള ക്ലിനിക്കോ പരീക്ഷണശാലയോ കേന്ദ്രമോ ഉൾപ്പെടെയുള്ള ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ, അപ്രകാരമുള്ള കേന്ദ്രമോ, പരീക്ഷണശാലയോ ക്ലിനിക്കോ ഈ ആക്റ്റ് പ്രകാരം യഥാവിധി രജിസ്റ്റർ ചെയ്തിട്ടില്ലാത്തപക്ഷം, തുടങ്ങുവാൻ പാടുള്ളതല്ല.]

(2) (1)-ാം ഉപവകുപ്പുപ്രകാരം രജിസ്ട്രേഷനുവേണ്ടിയുള്ള എല്ലാ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതം സമുചിത അധികാരസ്ഥാനത്തിന് കൊടുക്കേണ്ടതാണ്.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു തൊട്ടു മുമ്പ് 4-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്കുവേണ്ടി പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നടത്തുന്നതിലോ ഉപദേശിക്കുന്നതിലോ ഭാഗികമായോ പൂർണ്ണമായോ ഏർപ്പെട്ടിട്ടുള്ള എല്ലാ ജനിതക ഉപദേശിക്കൽ കേന്ദ്രവും ജനിതക പരീക്ഷണശാലയും അല്ലെങ്കിൽ ജനിതക ക്ലിനിക്കും അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ അറുപതു ദിവസത്തിനകം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

(4) 6-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ഉപദേശിക്കുന്നതിലോ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങൾ നടത്തുന്നതിലോ ഏർപ്പെട്ടിട്ടുള്ള എല്ലാ ജനിതക ഉപദേശിക്കൽ കേന്ദ്രവും ജനിതക പരീക്ഷണശാലയും ജനിതക ക്ലിനിക്കും, അങ്ങനെയുള്ള കേന്ദ്രമോ പരീക്ഷണശാലയോ ക്ലിനിക്കോ രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ചിരിക്കുകയും, പ്രത്യേകമായോ കൂട്ടായോ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യാത്തപക്ഷം, ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ ആറുമാസം കഴിയുമ്പോൾ അല്ലെങ്കിൽ അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കപ്പെടുന്നതുവരെ, ഏതാണോ ആദ്യം, അങ്ങനെയുള്ള ഏതെങ്കിലും ഉപദേശിക്കലോ സാങ്കേതികമാർഗ്ഗമോ നടത്തുന്നത് അവസാനിപ്പിക്കേണ്ടതാണ്.

(5) യാതൊരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ അങ്ങനെയുള്ള കേന്ദ്രമോ പരീക്ഷണശാലയോ ക്ലിനിക്കോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അങ്ങനെയുള്ള സജ്ജീകരണവും നിലവാരവും നിലനിർത്തുന്നതിനും കഴിയുന്ന അവസ്ഥയിലാണെന്ന് സമുചിത അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടാത്തപക്ഷം ഈ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാൻ പാടുള്ളതല്ല.

19. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—(1) സമുചിത അധികാരസ്ഥാനം, ഒരു അന്വേഷണം നടത്തിയശേഷവും അപേക്ഷകൻ ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും എല്ലാ ആവശ്യങ്ങളും പാലിച്ചിട്ടുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെടുകയും ഉപദേശകസമിതിയുടെ ഇതിലേക്കായുള്ള ഉപദേശം പരിഗണിക്കുകയും ചെയ്തതിനുശേഷവും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ ജനിതക പരീക്ഷണശാലയ്ക്കോ ജനിതക ക്ലിനിക്കിനോ, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു ഫാറത്തിൽ കൂട്ടായോ പ്രത്യേകമായോ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 17-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

(2) അന്വേഷണത്തിനുശേഷവും അപേക്ഷകന് പറയാനുള്ളത് ബോധിപ്പിക്കുവാനുള്ള ഒരവസരം നൽകുകയും ഉപദേശകസമിതിയുടെ ഉപദേശം പരിഗണിക്കുകയും ചെയ്തതിനു ശേഷവും അപേക്ഷകൻ ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും ആവശ്യങ്ങൾ പാലിച്ചിട്ടില്ലായെന്ന് സമുചിത അധികാരസ്ഥാനത്തിന് ബോദ്ധ്യമായാൽ, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അത് രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കേണ്ടതാണ്.

(3) എല്ലാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള കാലാവധിക്കുശേഷവും അങ്ങനെയുള്ള ഫീസ് നൽകുന്നതിന്മേലും പുതുക്കപ്പെടേണ്ടതാണ്.

(4) രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ ജനിതക ക്ലിനിക്കോ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതിന്റെ ബിസിനസ് സ്ഥലത്ത് ശ്രദ്ധ ആകർഷിക്കത്തക്ക ഒരു സ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

20. രജിസ്ട്രേഷൻ റദ്ദുചെയ്യലും താത്ക്കാലികമായി നിർത്തിവയ്ക്കലും.—(1) സമുചിത അധികാരസ്ഥാനത്തിന് സ്വമേധയായോ അല്ലെങ്കിൽ പരാതിയിൻമേലോ, ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ ജനിതക പരീക്ഷണശാലയ്ക്കോ ജനിതക ക്ലിനിക്കിനോ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ എന്തുകൊണ്ട് അതിന്റെ രജിസ്ട്രേഷൻ താത്ക്കാലികമായി നിർത്തിവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യാൻ പാടില്ലായെന്നതിന് കാരണം കാണിക്കാൻ ഒരു നോട്ടീസ് അയയ്ക്കാവുന്നതാണ്.

(2) ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ ജനിതക പരീക്ഷണശാലയ്ക്കോ ജനിതക ക്ലിനിക്കിനോ പറയാനുള്ളത് ബോധിപ്പിക്കുവാൻ ന്യായമായ ഒരവസരം നൽകുകയും ഉപദേശകസമിതിയുടെ ഉപദേശം പരിഗണിക്കുകയും ചെയ്തതിനുശേഷം സമുചിത അധികാരസ്ഥാനത്തിന്, ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് ലംഘനം ഉണ്ടാകുന്നുവെന്ന് ബോദ്ധ്യമായാൽ അങ്ങനെയുള്ള കേന്ദ്രത്തിനോ പരീക്ഷണശാലയ്ക്കോ ക്ലിനിക്കിനോ എതിരായി അതിന് എടുക്കാവുന്ന ഏതെങ്കിലും ക്രിമിനൽ നടപടികൾക്ക് ഭംഗം വരാതെ അതിന്റെ രജിസ്ട്രേഷൻ അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്ക് താത്ക്കാലികമായി നിർത്തിവയ്ക്കുകയോ അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കുകയോ, അതതു സംഗതിപോലെ, ചെയ്യാവുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പൊതുജനതാൽപര്യത്തിന് അപ്രകാരം ചെയ്യുന്നത് ആവശ്യമാണെന്നോ യുക്തമാണെന്നോ സമുചിത അധികാരസ്ഥാനത്തിന് അഭിപ്രായമുള്ളപക്ഷം ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും നോട്ടീസ് നൽകാതെ ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിന്റെയോ ജനിതക പരീക്ഷണശാലയുടേയോ ജനിതക ക്ലിനിക്കിന്റെയോ രജിസ്ട്രേഷൻ അതിന് താത്ക്കാലികമായി നിർത്തിവയ്ക്കാവുന്നതാണ്.

21. അപ്പീൽ.—ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ ജനിതക പരീക്ഷണശാലയ്ക്കോ ജനിതക ക്ലിനിക്കിനോ, സമുചിത അധികാരസ്ഥാനം 20-ാം വകുപ്പുപ്രകാരം പാസ്സാക്കിയ രജിസ്ട്രേഷൻ താത്ക്കാലികമായി നിർത്തിവയ്ക്കലോ റദ്ദാക്കലോ ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം അങ്ങനെയുള്ള ഉത്തരവിനെതിരായി ഒരു അപ്പീൽ—

(i) അപ്പീൽ കേന്ദ്ര സമുചിത അധികാരസ്ഥാനത്തിന്റെ ഉത്തരവിനെതിരായിട്ടുള്ളിടത്ത്, കേന്ദ്രസർക്കാരിനും;

(ii) അപ്പീൽ സംസ്ഥാന സമുചിത അധികാരസ്ഥാനത്തിന്റെ ഉത്തരവിനെതിരായിട്ടുള്ളിടത്ത്, സംസ്ഥാന സർക്കാരിനും;

നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ ബോധിപ്പിക്കാവുന്നതാണ്.

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതികമാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 18-ാം വകുപ്പുപ്രകാരം പകരം ചേർത്തത്.

അദ്ധ്യായം VII

## കുറ്റങ്ങളും ശിക്ഷകളും

[1][22. ഗർഭധാരണത്തിനു മുമ്പും പ്രസവപൂർവ്വവുമായ ലിംഗനിർണ്ണയത്തെ സംബന്ധിച്ചുള്ള പരസ്യം നിരോധിക്കലും, ലംഘനത്തിനുള്ള ശിക്ഷയും.—(1) ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയമോ, ലിംഗനിർധാരണമോ നടത്തുവാൻ കഴിവുള്ള അൾട്രാസൗണ്ട് അല്ലെങ്കിൽ ഇമേജിംഗ് യന്ത്രമോ, സ്കാനറോ അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയോ ഉള്ള ക്ലിനിക്കോ, പരീക്ഷണശാലയോ കേന്ദ്രമോ ഉൾപ്പെടെയുള്ള യാതൊരാളോ, സംഘടനയോ, ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ, അപ്രകാരമുള്ള കേന്ദ്രത്തിലോ, പരീക്ഷണശാലയിലോ, ക്ലിനിക്കിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ ലഭ്യമായിരിക്കുന്ന പ്രസവപൂർവ്വ ലിംഗനിർണ്ണയം അല്ലെങ്കിൽ ഗർഭധാരണത്തിനു മുമ്പുള്ള ലിംഗനിർധാരണ സൗകര്യങ്ങളെ സംബന്ധിച്ച് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രകാരത്തിലുള്ള ഏതെങ്കിലും പരസ്യം പുറപ്പെടുവിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ, വിതരണം ചെയ്യുകയോ, സംപ്രേഷണം ചെയ്യുകയോ അല്ലെങ്കിൽ പുറപ്പെടുവിക്കുന്നതിനോ, പ്രസിദ്ധപ്പെടുത്തുന്നതിനോ, വിതരണം ചെയ്യുന്നതിനോ, സംപ്രേഷണം ചെയ്യുന്നതിനോ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) ജനിതക ഉപദേശിക്കൽ കേന്ദ്രം, ജനിതക പരീക്ഷണശാല, ജനിതക ക്ലിനിക്ക് ഉൾപ്പെടെ യാതൊരാളോ സംഘടനയോ പ്രസവപൂർവ്വ ലിംഗനിർണ്ണയമോ അല്ലെങ്കിൽ ഗർഭധാരണത്തിനു മുമ്പുള്ള ലിംഗനിർധാരണമോ സംബന്ധിച്ച ശാസ്ത്രീയമോ അല്ലെങ്കിൽ മറ്റു വിധേനയോ ഉള്ള, ഏതെങ്കിലും പ്രകാരത്തിലുള്ള ഏതൊരു പരസ്യവും, അതെന്തുതന്നെ ആയിരുന്നാലും, പുറപ്പെടുവിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ, വിതരണം ചെയ്യുകയോ, സംപ്രേഷണം ചെയ്യുകയോ അല്ലെങ്കിൽ പുറപ്പെടുവിക്കുന്നതിനോ, പ്രസിദ്ധപ്പെടുത്തുന്നതിനോ, വിതരണം ചെയ്യുന്നതിനോ, സംപ്രേഷണം ചെയ്യുന്നതിനോ ഇടയാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും മൂന്നുവർഷക്കാലാവധിവരെ ആകാവുന്ന തടവുശിക്ഷയ്ക്കും പതിനായിരം രൂപ വരെ ആകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക് "പരസ്യം" എന്നതിൽ ഏതെങ്കിലും നോട്ടീസോ, സർക്കുലറോ, ലേബലോ, ആവരണമോ അല്ലെങ്കിൽ ഇന്റർനെറ്റ് മുഖാന്തിരമോ, ഇലക്ട്രോണിക്സിൽ ഉള്ള മറ്റേതെങ്കിലും മാധ്യമം മുഖാന്തിരമോ, അച്ചടി രൂപത്തിലുള്ളതോ ആയ പരസ്യമോ ഉൾപ്പെടെയുള്ള മറ്റേതെങ്കിലും രേഖയും ഉൾപ്പെടുന്നതും കൂടാതെ ഏതെങ്കിലും പരസ്യപ്പലകയോ, ചുവർപെയിന്റിംഗോ, സിഗ്നലോ, പ്രകാശമോ, ശബ്ദമോ, പുകയോ, വാതകമോ മുഖേന ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ദൃശ്യമായ പ്രാതിനിധ്യവും ഉൾപ്പെടുന്നതുമാകുന്നു.]

23. കുറ്റങ്ങളും ശിക്ഷകളും.—(1) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു വൈദ്യ ജനിതക വിജ്ഞാനിയോ, സ്ത്രീരോഗ വിദഗ്ദ്ധനോ, രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനോ അല്ലെങ്കിൽ ഒരു ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ സ്വന്തമായുള്ളതോ, അങ്ങനെയുള്ള ഒരു കേന്ദ്രത്തിലോ, പരീക്ഷണശാലയിലോ, ക്ലിനിക്കിലോ നിയമിക്കപ്പെട്ടിട്ടുള്ളതും, അങ്ങനെയുള്ള ഒരു കേന്ദ്രത്തിനോ, പരീക്ഷണശാലയ്ക്കോ, ക്ലിനിക്കിനോ അല്ലെങ്കിൽ അവിടെ തന്റെ തൊഴിൽപരമായതോ സാങ്കേതികമായതോ ആയ സേവനങ്ങൾ, അത് പ്രതിഫലം കൂടാതെയുള്ളതോ മറ്റുവിധത്തിലോ ആയിരുന്നാലും, നൽകുകയും ചെയ്യുന്ന ഏതൊരാളും മൂന്നുവർഷക്കാലാവധിവരെ ആകാവുന്ന തടവുശിക്ഷയ്ക്കും പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിന്മേൽ അഞ്ചു വർഷത്തോളമാകാവുന്ന തടവുശിക്ഷയ്ക്കും അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗ നിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 19-ഉം, 20-ഉം വകുപ്പുകൾ പ്രകാരം പകരം ചേർത്തത്.

[1][(2) സമുചിത അധികാരസ്ഥാനം, രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകന്റെ പേര് കോടതി കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടെങ്കിൽ കേസ് തീർപ്പാകുന്നതുവരെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനും, ശിക്ഷിക്കുന്ന സംഗതിയിൽ, ആദ്യത്തെ കുറ്റമാണെങ്കിൽ അഞ്ചു വർഷത്തേക്കും പിന്നീടുണ്ടാകുന്ന കുറ്റത്തിന് സ്ഥിരമായിട്ടും അയാളുടെ പേര് കൗൺസിലിന്റെ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ആവശ്യമായ നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട സംസ്ഥാന മെഡിക്കൽ കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(3) 4-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കൊഴികെ ഏതെങ്കിലും ഗർഭിണിയായ സ്ത്രീയിൽ ലിംഗനിർധാരണത്തിനോ, പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നടത്തുന്നതിനോ ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിന്റെയോ, ജനിതക പരീക്ഷണശാലയുടെയോ, ജനിതക ക്ലിനിക്കിന്റെയോ, അൾട്രാസൗണ്ട് ക്ലിനിക്കിന്റെയോ, ഇമേജിംഗ് ക്ലിനിക്കിന്റെയോ അല്ലെങ്കിൽ വൈദ്യജനിതക വിജ്ഞാനിയുടെയോ, സ്ത്രീരോഗ വിദഗ്ദ്ധന്റെയോ, സോണോളജിസ്റ്റിന്റെയോ, ഇമേജിംഗ് വിദഗ്ദ്ധന്റെയോ, രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളിന്റെയോ സഹായം തേടുന്ന ഏതൊരാളും ആദ്യത്തെ കുറ്റത്തിന് മൂന്നുവർഷക്കാലാവധിവരെ ആകാവുന്ന തടവുശിക്ഷയ്ക്കും അൻപതിനായിരം രൂപവരെ ആകാവുന്ന പിഴയ്ക്കും പിന്നീട് ഉണ്ടാകുന്ന ഏതൊരു കുറ്റത്തിനും അഞ്ചുവർഷം വരെ ആകാവുന്ന തടവുശിക്ഷയ്ക്കും ഒരു ലക്ഷം രൂപവരെ ആകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) സംശയങ്ങൾ തീർക്കുന്നതിനായി, അപ്രകാരമുള്ള രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾക്കോ അല്ലെങ്കിൽ അപ്രകാരമുള്ള നിർധാരണത്തിനോ നിർബന്ധപൂർവ്വം വിധേയയാക്കപ്പെടുന്ന സ്ത്രീക്ക് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലെന്ന് ഇതിനാൽ വ്യവസ്ഥ ചെയ്യുന്നു.]

[2][24. പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ നടത്തുന്നത് സംബന്ധിച്ചുള്ള അനുമാനം.—1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റിൽ (1872-ലെ 1) എന്തുതന്നെ അടങ്ങിയിരുന്നാലും, വിപരീതമായി തെളിയിക്കപ്പെടാത്തപക്ഷം, ഗർഭിണിയായ സ്ത്രീയെ അവളുടെ ഭർത്താവോ, മറ്റേതെങ്കിലും ബന്ധുവോ, അതത് സംഗതിപോലെ, 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് അല്ലാതെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗത്തിന് വിധേയയാക്കാൻ നിർബന്ധിച്ചതായി കോടതി അനുമാനിക്കേണ്ടതും അപ്രകാരമുള്ള ആൾ 23-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രേരണാകുറ്റത്തിന് ബാദ്ധ്യസ്ഥനായിരിക്കുന്നതും ആ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കുറ്റത്തിന് ശിക്ഷിക്കപ്പെടേണ്ടതുമാണ്.]

25. പ്രത്യേകമായി ശിക്ഷ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലാത്ത ഈ ആക്റ്റിലെയോ, ചട്ടങ്ങളിലെയോ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കുന്ന ഏതൊരാളും, ആയതിന് ഈ ആക്റ്റിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ, മൂന്നുമാസക്കാലാവധിവരെ ആകാവുന്ന തടവുശിക്ഷയും അല്ലെങ്കിൽ ആയിരം രൂപവരെ ആകാവുന്ന പിഴയും അല്ലെങ്കിൽ രണ്ടുംകൂടിയും, തുടർന്നുള്ള ലംഘനത്തിന്റെ സംഗതിയിൽ, ആദ്യത്തെ അങ്ങനെയുള്ള ലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനുശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറുരൂപ വരെ ആകാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

26. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻ കീഴിലുള്ള ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു കമ്പനിയാൽ ചെയ്തിട്ടുള്ളിടത്ത്, കമ്പനിക്ക് പുറമെ, കുറ്റം ചെയ്യപ്പെട്ട സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്നതും ആയ ഏതൊരാളും, ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതും ആകുന്നു:

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാകുന്നതല്ല.

---

[2] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 19-ഉം, 20-ഉം വകുപ്പുകൾ പ്രകാരം പകരം ചേർത്തത്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ, മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടോ, മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ആളുകളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ച് ആ ഫേമിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും,

ആകുന്നു.

27. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യമനുവദിക്കേണ്ടതല്ലാത്തതും രാജിയാക്കാവുന്നതല്ലാത്തതുമാണെന്ന്.—ഈ ആക്റ്റിൻകീഴിലുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും രാജിയാക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.

28. കുറ്റങ്ങൾ നടപടിക്കെടുക്കൽ.—(1) യാതൊരു കോടതിയും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റവും,—

(ക) ബന്ധപ്പെട്ട സമുചിത അധികാരസ്ഥാനമോ, അല്ലെങ്കിൽ ഇതിലേക്കായി, അതതു സംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ അല്ലെങ്കിൽ സമുചിതാധികാരസ്ഥാനമോ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ; അല്ലെങ്കിൽ

(ഖ) ആരോപിക്കപ്പെട്ട കുറ്റം സംബന്ധിച്ചും കോടതിയിൽ ഒരു പരാതി നൽകാനുള്ള ഉദ്ദേശ്യം സംബന്ധിച്ചും സമുചിത അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ [1][പതിനഞ്ച് ദിവസത്തിൽ] കുറയാത്ത നോട്ടീസ് നൽകിയിട്ടുള്ള ഒരാളോ;

നൽകിയ ഒരു പരാതിയിൻമേലല്ലാതെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിന് "ആൾ" എന്നതിൽ ഒരു സാമൂഹ്യ സംഘടനയും ഉൾപ്പെടുന്നതാകുന്നു.

(2) ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ അല്ലെങ്കിൽ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അല്ലാതെയുള്ള യാതൊരു കോടതിയും ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ഒരു പരാതി നൽകിയിട്ടുള്ളിടത്ത് അപ്രകാരമുള്ള ആൾ ആവശ്യപ്പെടുന്നപക്ഷം, കോടതിക്ക് സമുചിത അധികാരസ്ഥാനത്തിനോട് അതിന്റെ കൈവശമുള്ള ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ പ്രസ്തുത ആൾക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വരോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 21-ാം വകുപ്പു പ്രകാരം പകരം ചേർത്തത്.

## അദ്ധ്യായം VIII

### പലവക

29. രേഖകളുടെ സംരക്ഷണം.—(1) ഈ ആക്റ്റും ചട്ടങ്ങളും പ്രകാരം സംരക്ഷിക്കേണ്ട എല്ലാ രേഖകളും, ചാർട്ടുകളും, ഫാറങ്ങളും, റിപ്പോർട്ടുകളും, സമ്മത പത്രങ്ങളും മറ്റെല്ലാ പ്രമാണങ്ങളും രണ്ട് വർഷക്കാലയളവിലേക്കോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലേക്കോ സൂക്ഷിക്കേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിനോ, ജനിതക പരീക്ഷണ ശാലയ്ക്കോ, ജനിതക ക്ലിനിക്കിനോ എതിരായി ഏതെങ്കിലും ക്രിമിനൽ നടപടികളോ മറ്റു നടപടികളോ ആരംഭിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള കേന്ദ്രത്തിന്റെയോ, പരീക്ഷണശാലയുടെയോ, ക്ലിനിക്കിന്റെയോ രേഖകളും മറ്റെല്ലാ പ്രമാണങ്ങളും അപ്രകാരമുള്ള നടപടികളുടെ അന്തിമ തീർപ്പുവരെ സൂക്ഷിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള എല്ലാ രേഖകളും ഉചിതമായ എല്ലാ സമയങ്ങളിലും സമുചിത അധികാര സ്ഥാനത്തിനോ അല്ലെങ്കിൽ സമുചിത അധികാരസ്ഥാനം ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ആൾക്കോ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

30. രേഖകൾ പരിശോധിക്കുന്നതിനും പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം മുതലായവ.—[1][(1) ഏതെങ്കിലും ജനിതക ഉപദേശിക്കൽ കേന്ദ്രത്തിലോ, ജനിതക പരീക്ഷണശാലയിലോ, ജനിതക ക്ലിനിക്കിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നോ, ചെയ്തുകൊണ്ടിരിക്കുന്നുവെന്നോ സമുചിത അധികാരസ്ഥാനത്തിന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ അപ്രകാരമുള്ള സമുചിത അധികാരസ്ഥാനത്തിനോ അല്ലെങ്കിൽ ഇതിലേക്കുവേണ്ടി അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനോ ആവശ്യമെന്നു തോന്നുന്ന അപ്രകാരമുള്ള സഹായത്തോടുകൂടി ഉചിതമായ എല്ലാ സമയങ്ങളിലും അപ്രകാരമുള്ള ജനിതക ഉപദേശിക്കൽ കേന്ദ്രത്തിലോ, ജനിതക പരീക്ഷണശാലയിലോ, ജനിതക ക്ലിനിക്കിലോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി, പ്രവേശിക്കാവുന്നതും, പരിശോധിക്കാവുന്നതും അവിടെ കാണുന്ന ഏതെങ്കിലും രേഖയോ, രജിസ്റ്ററോ, പ്രമാണമോ, ബുക്കോ, ലഘുലേഖയോ, പരസ്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും ലക്ഷ്യവസ്തുവോ പരിശോധിക്കാവുന്നതും ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചെയ്തതിന്റെ തെളിവ് ലഭിക്കുമെന്ന് അപ്രകാരമുള്ള അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ അവ പിടിച്ചെടുക്കാവുന്നതും മുദ്രവെയ്ക്കാവുന്നതുമാണ്.]

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2)-യിലെ പരിശോധനകളും പിടിച്ചെടുക്കലുകളും സംബന്ധിച്ച വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, ഈ ആക്റ്റ് പ്രകാരം നടത്തുന്ന ഓരോ പരിശോധനയ്ക്കും പിടിച്ചെടുക്കലിനും ബാധകമായിരിക്കുന്നതാണ്.

31. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്കുള്ള സംരക്ഷണം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസത്തോടെ ചെയ്തതോ, ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതിനെങ്കിലും, കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ സമുചിത അധികാരസ്ഥാനത്തിനോ അല്ലെങ്കിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ അധികാരസ്ഥാനമോ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

[2][31 ക. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖാന്തിരം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമാണെന്നോ, യുക്തമാണെന്നോ അതിന് തോന്നുന്ന പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അപ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

---

[1] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 22-ാം വകുപ്പ് പ്രകാരം പകരം ചേർത്തത്.

[2] 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 23-ാം വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത്.

എന്നാൽ, 2002-ലെ പ്രസവപൂർവ്വ രോഗനിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്ന് വർഷ കാലാവധിക്കുശേഷം ഈ വകുപ്പ് പ്രകാരം ഒരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ഉത്തരവും, അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളിലും വയ്ക്കേണ്ടതാണ്.]

32. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

[1][(i) 3-ാം വകുപ്പ് (2)-ാം ഖണ്ഡപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ജനിതക ഉപദേശിക്കൽ കേന്ദ്രത്തിലോ, ജനിതക പരീക്ഷണശാലയിലോ, ജനിതക ക്ലിനിക്കിലോ നിയമിക്കപ്പെടുന്ന ആളുകൾക്ക് വേണ്ട ഏറ്റവും കുറഞ്ഞ യോഗ്യതകളും;

(iക) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന പ്രകാരം ഒരു ഗർഭിണിയായ സ്ത്രീയിൽ അൾട്രാസോണോഗ്രാഫി നടത്തുന്ന ആൾ അതു സംബന്ധിച്ച് ക്ലിനിക്കിൽ സൂക്ഷിക്കേണ്ട രേഖകൾ ഏതു രീതിയിലായിരിക്കണമെന്നും ;]

(ii) 5-ാം വകുപ്പ് പ്രകാരം ഗർഭിണിയായ സ്ത്രീയിൽനിന്നും ലഭ്യമാക്കേണ്ട സമ്മതത്തിന്റെ ഫാറം എങ്ങനെയായിരിക്കണമെന്നും ;

(iii) 8-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം കേന്ദ്ര സൂപ്പർവൈസറി ബോർഡിലെ അംഗങ്ങൾ അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ പാലിക്കപ്പെടേണ്ട നടപടിക്രമവും;

(iv) 9-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം എക്സ് ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത അംഗങ്ങൾക്ക് അനുവദനീയമായ ബത്തകളും;

[2][(ivക) ജനിതക ഉപദേശിക്കൽ കേന്ദ്രങ്ങളിലും, ജനിതക പരീക്ഷണശാലകളിലും, ജനിതക ക്ലിനിക്കുകളിലും ജോലി ചെയ്യുന്ന ആളുകൾ പാലിക്കേണ്ട പെരുമാറ്റ ചട്ടങ്ങൾ കേന്ദ്ര സൂപ്പർവൈസറി ബോർഡ് 16-ാം വകുപ്പിന്റെ (iv)-ാം ഖണ്ഡപ്രകാരം ഉണ്ടാക്കണമെന്നും;

(ivഖ) ഈ ആക്റ്റിലെ 16 ക വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (iv)-ാം ഖണ്ഡ പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സംസ്ഥാനത്തെയും, യൂണിയൻ പ്രദേശത്തെയും സൂപ്പർവൈസറി ബോർഡുകൾ, ബോർഡിനും കേന്ദ്രസർക്കാരിനും റിപ്പോർട്ടുകൾ ഏതു രീതിയിൽ നൽകണമെന്നും;

(ivഗ) 17 ക വകുപ്പിന്റെ (ഘ) ഖണ്ഡത്തിൻകീഴിലുള്ള മറ്റേതെങ്കിലും സംഗതിയിൽ സമുചിത അധികാരസ്ഥാനത്തെ ചുമതലപ്പെടുത്തുന്നതിനും ;]

(v) 17-ാം വകുപ്പ് (8)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനപ്രകാരം ഉപദേശക സമിതിയുടെ ഏതെങ്കിലും രണ്ട് യോഗങ്ങൾക്കിടയിൽ വരുന്ന കാലയളവും;

(vi) 17-ാം വകുപ്പ് (9)-ാം ഉപവകുപ്പ് പ്രകാരം ഒരാൾ ഏത് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് ഉപദേശക സമിതിയിൽ നിയമിക്കപ്പെടേണ്ടതെന്നും അങ്ങനെയുള്ള സമിതി അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമവും;

(vii) 18-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയുടെ മാതൃകയും, നൽകേണ്ട രീതിയും എങ്ങനെയാണെന്നും അതിനായി നൽകപ്പെടേണ്ട ഫീസും;

(viii) 18-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ജനിതക ഉപദേശിക്കൽ കേന്ദ്രമോ, ജനിതക പരീക്ഷണശാലയോ, ജനിതക ക്ലിനിക്കോ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും നിലനിർത്തേണ്ട സജ്ജീകരണവും മറ്റു നിലവാരവും;

(ix) 19-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെടേണ്ട രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മാതൃകയും;

(x) 19-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കേണ്ട രീതി എങ്ങനെയാണെന്നും, ഏതു കാലാവധിക്ക് ശേഷമാണെന്നും, അങ്ങനെയുള്ള പുതുക്കലിന് നൽകേണ്ട ഫീസും;

---

[1]-ഉം, [2]-ഉം 20-1-2003-ലെ 15-ാം നമ്പർ അസാധാരണ കേന്ദ്രഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2002-ലെ പ്രസവ പൂർവ്വ രോഗ നിർണ്ണയ സാങ്കേതിക മാർഗ്ഗങ്ങൾ (നിയന്ത്രണവും ദുരുപയോഗം തടയലും) ഭേദഗതി ആക്റ്റ് (2003-ലെ 14) 24-ാം വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത്.

(xi) 21-ാം വകുപ്പ് പ്രകാരം അപ്പീൽ ബോധിപ്പിക്കേണ്ട രീതി എങ്ങനെയാണെന്നും ;

(xii) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രേഖകൾ, ചാർട്ടുകൾ മുതലായവ എത്ര കാലയളവ് വരെയാണ് സൂക്ഷിക്കപ്പെടേണ്ടതെന്നും;

(xiii) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രമാണങ്ങൾ, രേഖകൾ, വസ്തുക്കൾ മുതലായവയുടെ പിടിച്ചെടുക്കൽ നടത്തേണ്ട രീതി എങ്ങനെയാണെന്നും, ആരുടെ സൂക്ഷിപ്പിൽ നിന്നാണോ അങ്ങനെയുള്ള പ്രമാണങ്ങൾ, രേഖകൾ അല്ലെങ്കിൽ വസ്തുക്കൾ പിടിച്ചെടുത്തത്, അയാൾക്ക് പിടിച്ചെടുക്കൽ ലിസ്റ്റ് തയ്യാറാക്കി നൽകേണ്ട രീതി എങ്ങനെയെന്നും;

(xiv) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതിയും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

33. റെഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.—ബോർഡിന് കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത,—

(ക) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും, അങ്ങനെയുള്ള യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമവും, ക്വോറം തികയുന്നതിന് ആവശ്യമായ അംഗങ്ങളുടെ എണ്ണവും;

(ഖ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡുമായി ഒരാളെ താൽക്കാലികമായി സഹകരിപ്പിക്കുന്നതിനുള്ള രീതിയും;

(ഗ) 12-ാം വകുപ്പ് പ്രകാരം ബോർഡിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്റെയും മറ്റു ജീവനക്കാരുടെയും നിയമന രീതിയും, സേവന വ്യവസ്ഥകളും, ശമ്പള സ്കെയിലുകളും ബത്തകളും;

(ഘ) പൊതുവായി, ബോർഡിന്റെ കാര്യങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടിയും; വ്യവസ്ഥ ചെയ്യാവുന്നതിനുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

34. ചട്ടങ്ങളും റെഗുലേഷനുകളും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും ഏതൊരു റെഗുലേഷനും അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ് ഇരു സഭകളും ആ ചട്ടത്തിലോ റെഗുലേഷനിലോ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിനോ റെഗുലേഷനോ അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ, അത് അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിനോ റെഗുലേഷനോ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

---